**മധുരമായ കുട്ടികളേ – ഈ പഴയ ലോകത്തിൽ മറ്റൊരു ആഗ്രഹവും വെക്കാതെ ഭാവിയിലെ ഉയർന്ന പദവി നേടുവാനായി കേവലം നഷ്ടോമോഹാ ആയിത്തീരൂ, ബാബയെ ഓർമ്മിക്കൂ ഒപ്പം പവിത്രമായിരിക്കൂ.**

**ചോദ്യം** – ഏതൊരു സരളമായ നേർ വഴിയാണ് ബാബ പറഞ്ഞു തരുന്നത്, ഏതൊരു കാര്യത്തിൽ ബാബയ്ക്ക് ബന്ധമില്ല?
**ഉത്തരം** – ബാബ കുട്ടികൾക്ക് ശാന്തിധാമത്തിലേക്ക് പോകുവാനുള്ള ഏറ്റവും സരളവും സാധാരണവുമായ വഴിയാണ് പറഞ്ഞു തരുന്നത്. കുട്ടികളേ – കേവലം ബാബയെ ഓർമ്മിക്കൂ, പവിത്രമായിരിക്കൂ. ബാക്കി നിങ്ങളുടെ മുന്നിലേക്ക് വിപത്തുകൾ, ദുഖം അഥവാ അസുഖങ്ങൾ വരികയാണെങ്കിൽ, പാപ്പരാകുകയാണെങ്കിൽ..... ഇതെല്ലാം തന്നെ നിങ്ങളുടെ കർമ്മക്കണക്കുകളാണ്. ഇതുമായി ബാബയ്ക്ക് യാതൊരു ബന്ധവുമില്ല. ബാബ യുക്തികൾ പറഞ്ഞുതരുന്നു, കർമ്മബന്ധനത്തിൽ നിന്നും മുക്തമാകുക എന്നുള്ളത് ഓരോ കുട്ടികളുടെ കടമയാണ്.

**ചോദ്യം** – ചില-ചില കുട്ടികൾ ഏതൊരു കാരണത്താലാണ് സേവനത്തിന് യോഗ്യരല്ലാത്തത്?
**ഉത്തരം** – ചങ്ങാത്തത്തിന്റെ ലഹരി, ഉള്ളിൽ മായയുടെ കീടാണു ബാധയാണ്, ഈ കാരണത്താൽ അവർ സേവനത്തിന് യോഗ്യരായിത്തീരുന്നില്ല.

**ഗീതം** – സങ്കടത്തിന്റെ ലോകം തിരികെ പോയി......

**ഓംശാന്തി**. സന്തോഷവും സങ്കടവും. ഇപ്പോൾ രാവണരാജ്യമാണ്. രാവണരാജ്യമെന്ന് എന്തിനെയാണ് പറയുന്നതെന്ന് മനുഷ്യർക്കറിയില്ല. എപ്പോൾ സന്തോഷമുണ്ടാകുന്നു, എപ്പോൾ സങ്കടമുണ്ടാകുന്നു എന്ന് ബാബ വന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു. ഈ രാവണരാജ്യത്തിൽ സന്തോഷവുമുണ്ട്, സങ്കടവുമുണ്ട്. ഇടയ്ക്ക് സന്തോഷം, ഇടയ്ക്ക് സങ്കടം. ആരെങ്കിലും മരിക്കുകയാണെങ്കിൽ സങ്കടം. സന്യാസിമാരും പറയാറുണ്ട്, ഇവിടത്തെ സുഖം കാഗവിഷ്ടസമാനമാണ്. അപ്പോൾ തീർച്ചയായും സന്യാസിമാർ ഇതിനെ സങ്കടത്തിന്റെ ലോകമെന്നേ പറയൂ. എന്നാൽ അവർക്ക് സത്യയുഗത്തെക്കുറിച്ച് അറിയില്ല, അവിടെ സദാ സുഖം മാത്രമാണുള്ളത്, ദു:ഖത്തിന്റെ പേരോ അടയാളമോ ഇല്ല. നിങ്ങൾ കുട്ടികൾക്കറിയാം, ഇപ്പോൾ രാത്രിയാണ്. രാത്രി അർത്ഥം ദു:ഖമാണ്. ഇതിനെ രാവണന്റെ രാത്രി എന്നാണ് പറയുന്നത്. രാവണന്റെ വരവോടുകൂടെയാണ് ഭക്തി ആരംഭിച്ചത്, വികാരങ്ങൾ ആരംഭിച്ചത്. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നു, നമ്മൾ സദാ സന്തോഷത്തിലിരിക്കുവാനുള്ള പുരുഷാർത്ഥമാണ് ചെയ്യുന്നത്. ബാബ മനസ്സിലാക്കിത്തരികയാണ് കുട്ടികളേ ഉയർന്ന പദവി നേടാനുള്ള പുരുഷാർത്ഥം ചെയ്യൂ, മറ്റൊരു ആഗ്രഹവും വെക്കരുത്. കുട്ടികൾക്ക് പരിധിയില്ലാത്ത പിതാവിൽ നിന്നും എന്താണ് ലഭിക്കുന്നതെന്നേ അറിയില്ലായിരുന്നു. ബാബ തന്നെയാണ് വന്ന് മനസ്സിലാക്കിത്തരുന്നത്. പരമാത്മാവിൽ നിന്നും എന്താണ് ലഭിക്കുന്നതെന്ന്, ലോകത്തിലുള്ളവർക്ക് അറിയില്ല. ദുഖവും സുഖവും ബാബയാണ് നൽകുന്നതെന്നാണ് എല്ലാവരും പറയുന്നത്. ബാബ പറയുന്നു, ഞാൻ സദാ സുഖം നൽകുവാനാണ് വരുന്നത്. നിങ്ങൾ കേവലം ശ്രീമത്തനുസരിച്ച് മുന്നേറണം. ഞാൻ നിങ്ങളെ കേവലം ശാന്തിധാമത്തിലേക്കും സുഖധാമത്തിലുമുള്ള വഴിയാണ് പറഞ്ഞു തരുന്നത്. ആ വഴിയിലൂടെ മുന്നേറുക എന്നുള്ളത് നിങ്ങളുടെ കടമയാണ്, മറ്റെന്ത് വിഘ്നമാണ് നിങ്ങളുടെ മുന്നിലേക്ക് വരുന്നത്. മുഴുവൻ ലോകവും വിഘ്നത്തിലകപ്പെട്ടിരിക്കുകയാണ്. ബാബ പറയുന്നു, ഞാൻ നേരായ മാർഗ്ഗം പറഞ്ഞുതരികയാണ്, അത് വളരെ ലളിതവുമാണ്. ബാക്കി നിങ്ങൾക്കു വരുന്ന വിപത്തുകൾ, ദു:ഖം, അസുഖം ഇവയെല്ലാം നിങ്ങളുടെ കർമ്മക്കണക്കുകളാണ്. അതെല്ലാം എല്ലാവർക്കും അനുഭവിക്കുക തന്നെ വേണം. ഈ കാര്യവുമായൊന്നും ബാബയ്ക്ക് യാതൊരു ബന്ധവുമില്ല. ഈ സമയത്തും പാപങ്ങൾ ചെയ്യുന്നുവെങ്കിൽ ദുഖം അനുഭവിക്കേണ്ടതായി വരും. ഞാൻ നിങ്ങൾക്ക് വഴി പറഞ്ഞു തരാനാണ് വന്നത്. എന്റെ ആജ്ഞയാണ്, അച്ഛനായ എന്നെ ഓർമ്മിക്കൂ, എന്തുകൊണ്ടെന്നാൽ തിരികെ പോകണം. ബാക്കി നിങ്ങളുടെ മുഴുവൻ ആയുസ്സും യുദ്ധത്തിലും കലഹത്തിലും നഷ്ടപ്പെടുത്തിയില്ലേ. ഞാൻ നിങ്ങൾക്ക് നേരായുള്ള വഴിയാണ് പറഞ്ഞു തരുന്നത്, എന്നെ ഓർമ്മിക്കൂ, പവിത്രമായി ജീവിക്കൂ. എങ്ങനെ ജീവിക്കണമെന്നുള്ള യുക്തിയും പറഞ്ഞുതരുന്നു. ബാക്കി അതിനായി പ്രയത്നിക്കുക, പുരുഷാർത്ഥം ചെയ്യുക എന്നുള്ളത് കുട്ടികളുടെ കടമയാണ്. ഇതെല്ലാം നിങ്ങൾ കുട്ടികളുടെ കർമ്മബന്ധനമാണ്. ബാബ പറയുന്നു, ഗൃഹസ്ഥത്തിൽ വസിച്ചുകൊണ്ടും പവിത്രമായി ജീവിക്കണം. ബാബയ്ക്കറിയാം പത്നിയ്ക്ക് തന്റെ പതിയോടും മക്കളോടും വളരെയധികം മോഹമാണ്, അതിൽ നിന്നും

മുക്തമാകുക, നഷ്ടോമോഹാ ആയവുക എന്നുള്ളത് കുട്ടികളുടെ കടമയണ്.

ബാബ കേവലം രണ്ട് കാര്യങ്ങളാണ് പറയുന്നത്, പൂർണ്ണമായ സമ്പത്ത് നേടണമെങ്കിൽ ഒന്ന് പവിത്രമായി ജീവിക്കണം, രണ്ട് യോഗത്തിലിരിക്കണം. മറ്റെന്തെങ്കിലും കാര്യത്തിനായി ആരെങ്കിലും നിങ്ങളോട് കലഹിക്കുന്നു എങ്കിൽ അത് നിങ്ങളുടെ കർമ്മക്കണക്കാണ്. ബാക്കി നിങ്ങൾ പവിത്രമായി ജീവിക്കണം, ഈ കാര്യത്തിൽ ഗവൺമെന്റുപോലും നിങ്ങളെ എതിർക്കില്ല. ബാബ നിങ്ങൾക്ക് വഴിയാണ് പറഞ്ഞു തരുന്നത്, അതിനായി നിങ്ങൾ വീടൊന്നും ഉപേക്ഷിക്കേണ്ടതായ കാര്യമില്ല. ഗൃഹസ്ഥത്തിൽ വസിച്ചു കൊണ്ടും പവിത്രമായി ജീവിക്കുക, യോഗത്തിലിരിക്കുക. പവിത്രമായി ജീവിക്കുവാൻ ബുദ്ധിമുട്ടാണെന്നാണ് മനുഷ്യർ മനസ്സിലാക്കുന്നത്. എന്തുകൊണ്ടെന്നാൽ ഇങ്ങനെയൊരു പഠിപ്പ് നിങ്ങൾക്ക് മറ്റാരും നൽകിയിട്ടുണ്ടാവില്ല. ബാലബ്രഹ്മചാരിയായി പലരുമുണ്ടാവും എന്നാൽ ഇവിടെയുള്ള നിയമമാണ്, ഗൃഹസ്ഥത്തിൽ വസിച്ചുകൊണ്ടും പവിത്രമായി ജീവിക്കുക എന്നുള്ളത്. കുമാരിമാർ പവിത്രമാണ്, അവർക്ക് വളരെ സഹജമാണ്. അവരോട് ബാബ പവിത്രമായിത്തന്നെ ജീവിക്കാൻ പറയുകയാണ്, ഗൃഹസ്ഥത്തിലേക്ക് പോകരുത്. എന്നാൽ ഈ കാര്യത്തിൽ ധൈര്യം ആവശ്യമാണ്. നിങ്ങൾക്ക് പറയുവാൻ സാധിക്കും, നമ്മൾ ഭാരതത്തെ സ്വർഗ്ഗമാക്കുവാനായി പവിത്രമായി ജീവിക്കാൻ ആഗ്രഹിക്കുന്നു. ഇതിൽ ഭാരതത്തിന്റെ നന്മയാണ് അടങ്ങിയിരിക്കുന്നത്. പവിത്രതയുടെ സമ്പത്താണ് നമുക്ക് ലഭിക്കുന്നത്. ഇത് സമ്പത്ത് നേടേണ്ട കാര്യമാണ്. സത്യയുഗത്തിലുള്ള ലോകം തന്നെ പവിത്രമാണ്. എന്നാൽ സംഗമത്തിൽ ആരാണ് പവിത്രമായി ജീവിക്കുന്നത് അവരാണ് പവിത്രമായ ലോകത്തിന്റെ അധികാരിയാവുക. എല്ലാവരും എങ്ങനെ പവിത്രമായി ജീവിക്കുമെന്ന് ലോകത്തിലുള്ളവർക്ക് ചോദിക്കേണ്ടതില്ല. ഇപ്പോൾ എല്ലാവരുടെയും കണക്കെടുപ്പിന്റെ സമയമാണ്. ഇപ്പോൾ എല്ലാവർക്കും കർമ്മക്കണക്കുകൾ അവസാനിപ്പിച്ച് വീട്ടിലേക്ക് പോകണം. എല്ലാവരും വന്ന് ജ്ഞാനം നേടുകയില്ലല്ലോ. ആരാണോ സഹജ രാജയോഗം പഠിക്കുന്നത് അവരാണ് സമ്പത്ത് നേടുക. മുഴുവൻ ലോകം എന്നതിനും ഉപരി മുഴുവൻ ഭാരതത്തിലുള്ളവർക്കു പോലും ഈ ജ്ഞാനത്തെ യഥാർത്ഥ രീതിയിൽ ധാരണ ചെയ്യാൻ സാധിക്കില്ല. ബാക്കി എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അതിനെ യോഗബലത്തിലൂടെ ഇല്ലാതാക്കണം. ആർക്കാണോ മമത്വമുള്ളത്, നഷ്ടോമോഹാ ആകുവാനുള്ള ശക്തിയില്ലാത്തത്, അവർക്കാണ് അടിയേൽക്കേണ്ടി വരിക. ബാബയുടെ പക്കൽ വാർത്തകൾ വന്നു, ഒരു ഗോപിക വളരെയധികം കണ്ണീരു പൊഴിച്ചു. എന്നാൽ കരയുന്നതിലൂടെ എന്താണ് പ്രയോജനം? ബാബ അതിനുള്ള ധാരാളം യുക്തികൾ പറഞ്ഞുതരുന്നുണ്ട്. നിങ്ങൾ പതിയോടു പറയണം, ഞങ്ങൾ പവിത്രമായിരിക്കുവാനാണ് ആഗ്രഹിക്കുന്നത്, ബാക്കിയുള്ള എല്ലാ സേവനങ്ങളും ചെയ്യാൻ ഞാൻ തയ്യാറാണ്. യുക്തി പൂർവ്വം സ്വയത്തെ അതിൽ നിന്നും മുക്തമാക്കണം. എന്നാൽ ആദ്യം തന്റെ ഹൃദയത്തെ മമത്വത്തിൽ നിന്നും മുക്തമാക്കണം. മാതാക്കൾക്ക് തന്റെ പതിയോടും കുട്ടികളോടും മോഹമുണ്ട്. എന്നിട്ടാണ് പറയുന്നത്, എന്നെ ഇതിൽ നിന്നും ഒന്നു മുക്തമാക്കൂ. എന്നാൽ ഇതിൽ നിലവിളിക്കേണ്ടതായോ കരയേണ്ടതായോ ഉള്ള കാര്യമൊന്നുമില്ല. ഇതെല്ലാം തന്നെ മനസ്സിലാക്കേണ്ടതായ കാര്യങ്ങളാണ്. ഒരു നല്ല വ്യക്തിയുടെ പത്നിയാണ്, കുട്ടികളും ഫസ്റ്റ് ക്ലാസ്സാണ് എന്ന് കരുതൂ, ബാബ പറയുന്നു, ഗൃഹസ്ഥത്തിൽ വസിച്ചുകൊണ്ടും പവിത്രമായി ജീവിച്ചു കാണിക്കണം, ഈ അന്തിമജന്മത്തേക്കു വേണ്ടി. അപ്പോൾ തന്റെ പതിയ്ക്ക് മനസ്സിലാക്കി കൊടുത്ത് അവരെ വശത്താക്കണം. അല്ലെങ്കിൽ മറുപടി പറയേണ്ടി വരും. പക്ഷേ അവസ്ഥ നഷ്ടോമോഹാ ആയിരിക്കണമെന്നു മാത്രം. നിങ്ങൾ വിചാരിച്ചു കഴിഞ്ഞാൽ ഒരു സെക്കന്റിൽ തന്നെ നഷ്ടോമോഹാ ആയിത്തീരാൻ സാധിക്കും, അല്ലെങ്കിൽ ജീവിതം മുഴുവനും ആയിത്തീരുവാൻ സാധിക്കില്ല. ഉപേക്ഷിച്ചു കഴിഞ്ഞിട്ടും പലരും മോഹത്തിൽ നിന്നും മുക്തമായിട്ടില്ല. വീണ്ടും ആകർഷണമുണ്ടാകുന്നുണ്ട്, അതുകൊണ്ട് ആ അവസ്ഥ ഉണ്ടാകുന്നില്ല, അതിനാലാണ് ബാബ പറയുന്നത്, നഷ്ടോമോഹാ ആയിത്തീരൂ. ബാക്കി കേവലം കർമ്മം ചതിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ ബാബയ്ക്ക് എന്ത് ചെയ്യാൻ സാധിക്കും. എല്ലാവർക്കുമുള്ള ഒരേയൊരു വഴിയാണ് പവിത്രമായി ജീവിക്കുക എന്നുള്ളത്. അഥവാ വീട്ടിലുള്ളവർ പവിത്രമായി ജീവിക്കുവാൻ സമ്മതിക്കുന്നില്ലെങ്കിൽ തന്റെ സ്വന്തം കാലിൽ നിന്നുകൊണ്ട് എന്തെങ്കിലും സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കണം. ഇതിനായി ഹൃദയം ശുദ്ധമായിരിക്കണം. അല്ലാതെ വീടുമുപേക്ഷിച്ച് വന്ന് പിന്നീട് ബ്രാഹ്മണകുലത്തിൽ വസിച്ചുകൊണ്ട് ആരോടെങ്കിലും അടുപ്പത്തിൽ അകപ്പെട്ടു പോവുകയല്ല വേണ്ടത്. ഉള്ളിൽ അടുപ്പത്തിന്റെ ലഹരിയുള്ള ഒരുപാടു പേരുണ്ട്. അവർക്ക് ഒരിക്കലും തന്റെ അവസ്ഥയെ ഉയർത്തുവാൻ സാധിക്കില്ല. സേവനത്തിന് യോഗ്യരല്ല കാരണം ഉള്ളിൽ കീടാണുക്കളുണ്ട്. മായ അങ്ങനെയുള്ളവരെ ഒരിക്കലും വെറുതെ വിടില്ല. ബാബാ, ധാരാളം മായയുടെ കൊടുങ്കാറ്റുകൾ വരുന്നുണ്ടെന്ന് എഴുതാറുണ്ട്. അപ്പോൾ തീർച്ചയായും അടുപ്പത്തിന്റെ ചെറിയൊരു ലഹരിയുള്ളതുകൊണ്ടാണ്. ഇവിടെ നിങ്ങൾക്ക് കമലപുഷ്പത്തിനു സമാനം പവിത്രമായി ജീവിക്കണം. തളരേണ്ടതായ കാര്യമില്ല. എല്ലാവർക്കും അവരവരുടെതായ കർമ്മബന്ധനങ്ങളുണ്ട്, അപ്പോൾ അവർക്കുള്ള മരുന്നും വ്യത്യസ്തമാണ്. ആരെങ്കിലും തന്റെ സമ്പാദ്യത്തെക്കുറിച്ച് ചോദിക്കുകയാണെങ്കിൽ ബാബ അവരുടെ കണക്കുകളെ നോക്കി പറഞ്ഞു തരുന്നു. ചിലർ അങ്ങിനെയുമുണ്ട്, അവർക്ക്

പാപങ്ങൾ ചെയ്യാതെ തന്റെ ശരീരനിർവ്വഹണം ചെയ്യാതിരിക്കുവാൻ സാധിക്കില്ല. ഇന്നത്തെ കാലത്തെ സമയം തന്നെ അങ്ങനെയായിത്തീർന്നു. ചിലരുടെ പക്കൽ ധാരാളം പൈസയുണ്ടെങ്കിൽ അവർക്ക് പാപം ചെയ്യേണ്ടതായ ആവശ്യമില്ല. ബാബ പറയുന്നു, ശാന്തിയിലിരുന്നുകൊണ്ട് യോഗത്തിന്റെ സമ്പാദ്യം ചെയ്യണം. എന്നാൽ ജോലി ചെയ്യുന്നതിനു മുമ്പായി തന്നെ ബാബയിൽ നിന്നുമുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കണം. അല്ലാതെ ജോലി ചെയ്തതിനു ശേഷം, ഇന്ന ജോലിയിൽ അകപ്പെട്ടു പോയി, ഇനി എന്തു ചെയ്യുമെന്ന് പറയരുത്. അഥവാ ധാരാളം ധനമുണ്ടെങ്കിൽ ശാന്തിയിലിരുന്നുകൊണ്ട് ബാബയിൽ നിന്നുമുള്ള സമ്പത്ത് നേടണം. ജോലി-വേലയുടെ കുടുക്ക് ഉപേക്ഷിക്കണം. ഓരോ ചുവടും ശ്രീമത പ്രകാരം മുന്നേറണം. പരസ്പരം വളരെ മധുരമായി ജീവിക്കണം. ഇല്ലെങ്കിൽ ബാബയുടെ പേരിനെയാണ്മോശമാക്കുന്നത്. ബാപ്ദാദ അഥവാ സത്ഗുരുവിനെ നിന്ദിക്കുന്നവർക്ക് ഉന്നതിയുണ്ടാകില്ല. ഒരിക്കലും നിയമം കൈയ്യിലെടുക്കരുത്. ഇല്ലെങ്കിൽ എല്ലാവരും പറയും, ഈശ്വരീയ കുലത്തിലും ഇങ്ങനെയുള്ള കുട്ടികളുണ്ടാകുമോ? ബാബ പറയുന്നു, ആർക്കും ദു:ഖം നൽകരുത്. അതിരാവിലെ എഴുന്നേറ്റ് ബാബയെ ഓർമ്മിക്കണം. ബാബാ, അങ്ങ് എത്ര മധുരമാണ്, അങ്ങ് ഞങ്ങളെ രാജാക്കന്മാരുടെയും രാജാവ് സ്വർഗ്ഗത്തിന്റെ അധികാരിയാക്കിയാണ് മാറ്റുന്നത്. ഞങ്ങൾ തീർച്ചയായും അങ്ങയുടെ ശ്രീമത്ത് പ്രകാരം നടക്കാം. ഞങ്ങൾ ആസുരീയ മതമനുസരിക്കില്ല. ഇപ്പോഴും ബാബയെ ഓർമ്മിക്കുന്നില്ലെങ്കിൽ ബാബ മനസ്സിലാക്കുന്നു, ഇവരിൽ ഇപ്പോഴും പഴയ ആസുരീയ സ്വഭാവ സംസ്കാരങ്ങളുണ്ട്. ഇവർക്ക് സ്വർഗ്ഗത്തിന്റെ രാജ്യ ഭാഗ്യം എങ്ങനെ ലഭിക്കാനാണ്. തന്റെ പെരുമാറ്റത്തെ കാണൂ. വാസ്തവത്തിൽ നിങ്ങൾ കുട്ടികളെപ്പോലെയുള്ള ഭാഗ്യശാലികൾ ലോകത്തിൽ മറ്റാരും തന്നെയില്ല. ബാബ പറയുന്നത്, ഒന്നാനമ്മയുടെ കുട്ടികളായിത്തീരൂ എന്നാണ്. ബാബയെത്തന്നെ സന്തോഷിപ്പിക്കുന്ന തരത്തിലുള്ള പെരുമാറ്റമായിരിക്കണം. കുട്ടികളെ എങ്ങനെ ദുഖത്തിൽ മുക്തമാക്കി ഉയർന്ന പദവി നൽകാം എന്ന ചിന്തയാണ് ബാബയ്ക്കുള്ളത്.

ബാബ പറയുന്നു, പകൽ എത്രതന്നെ ജോലികൾ ചെയ്താലും ബ്രഹ്മമുഹൂർത്തത്തിൽ എഴുന്നേറ്റ് ബാബയുമായി മധുര-മധുരമായ സംഭാഷണങ്ങൾ നടത്തൂ. ബാബാ അങ്ങ് അത്ഭുതം കാണിച്ചു! 21 ജന്മത്തേക്കുള്ള സ്വർഗ്ഗത്തിന്റെ അധികാരി പദവിയാണ് അങ്ങ് നൽകുന്നത്, ഞങ്ങൾ അങ്ങയിൽ സമർപ്പണമായിരിക്കുന്നു. ബലിയർപ്പണമായിത്തീരുക എന്ന് വെറുതെ പറഞ്ഞിട്ടു കാര്യമില്ല. എത്ര സമയം ഓർമ്മയിലിരിക്കുന്നുവോ അതിന്റെ പ്രഭാവം മുഴുവൻ ദിവസവുമുണ്ടായിരിക്കും. വളരെയധികം ബി.കെ കുട്ടികളും അതിരാവിലെ എഴുന്നേൽക്കുന്നില്ല, അപ്പോൾ ധാരണയുമുണ്ടാകില്ല. അതിരാവിലെ എഴുന്നേൽക്കാനുള്ള സ്വഭാവമുണ്ടെങ്കിൽ, നിങ്ങൾക്ക് എത്ര സേവനം ചെയ്യാൻ സാധിക്കുമെന്ന് നോക്കൂ. എത്രത്തോളം സേവനത്തോട് താൽപ്പര്യമുണ്ടോ അവർ എവിടെയിരുന്നുകൊണ്ടും സേവനം ചെയ്യുന്നു. ബാക്കി ആക്ഷേപങ്ങൾ തീർച്ചയായും സഹിക്കുക തന്നെ വേണം. നൂറിൽ ഒരാളുണ്ടാകും. എന്നാലും നിങ്ങൾ ഈ കാര്യത്തിൽ മടി കാണിക്കരുത്. സേവനം എല്ലാവിടെയുമുണ്ട്, കേവലം ചെയ്യേണ്ടവർ മാത്രമാണ് ആവശ്യമായുള്ളത്. ബാബ യുക്തികൾ ധാരാളം പറഞ്ഞു തരുന്നുണ്ട്. ലഹരിയുമുണ്ടായിരിക്കണം. മറ്റെല്ലാ തരത്തിലുള്ള ലഹരികളും നിങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. മറ്റേതൊരു ലഹരിയും കൂടാതെ നിങ്ങൾക്ക് നരനിൽ നിന്നും നാരായണനാകുവാനുള്ള ലഹരിയുണ്ടാകണം. നരനിൽ നിന്നും നാരായണനാകുവാനുള്ള ലഹരി ബാബയാണ് വർദ്ധിപ്പിക്കുന്നത്. ബാക്കി ആരുടെ പക്കലും ജ്ഞാനത്തിന്റെ ലഹരിയില്ല. പതിതലോകത്തെക്കുറിച്ചും പാവനലോകത്തെക്കുറിച്ചും ആർക്കും തന്നെ അറിയില്ല. പതിത ലോകത്തിലുള്ളവർ തീർച്ചയായും പതിതർ തന്നെയായിരിക്കും അവർ പാവന ലോകത്തിലുള്ളവരെ പൂജിക്കുന്നു. സത്യ-ത്രേതായുഗത്തിൽ പാവന മഹാരാജാ-റാണിമാരായിരിക്കും. രാവണന്റെ രാജധാനി ദ്വാപരയുഗത്തിലാണ് ആരംഭിക്കുന്നത്.

കുട്ടികൾ മനസ്സിലാക്കണം, ശിവബാബ നിങ്ങളെ നല്ല കർമ്മമാണ് പഠിപ്പിക്കുന്നത്, പിന്നീട് പദവിയുടെയും സാക്ഷാത്കാരം ചെയ്യിക്കുന്നു. ഇത് പ്രത്യക്ഷഫലത്തിന്റെ സാക്ഷാത്കാരമാണ്. സ്വയം ഭഗവാൻ പഠിപ്പിക്കുവാനായി വന്നിരിക്കുന്നു എങ്കിൽ പഠിക്കാൻ എത്ര ഉത്കണ്ഠയുണ്ടായിരിക്കണം(ദാഹം). വെറുതെ കർമ്മബന്ധനമെന്നു പറയുന്നതും, ഒരു ദുർബലത തന്നെയാണ്. കർമ്മബന്ധനത്തിൽ നിന്നും മുക്തമാകുവാനുള്ള യുക്തികളാണ് ബാബ പറഞ്ഞുതരുന്നത്. എന്നാൽ പക്കാ കുട്ടികൾക്കു മാത്രമാണ് അങ്ങനെയൊരു നിർദ്ദേശം നൽകുവാൻ സാധിക്കൂ, പക്വത വരാത്തവർക്ക് പറ്റില്ല. പല ബന്ധനസ്ഥരായ അമ്മമാരും പുരുഷാർത്ഥം ചെയ്ത് ജ്ഞാന-യോഗബലത്തിലൂടെ പതിയെ വശത്താക്കി അവരെയും ഇങ്ങോട്ട് കൊണ്ടു വരുന്നുണ്ട്. അങ്ങനെയുള്ളവർ ധാരാളം സഹിക്കുന്നവരാണ്. ഇങ്ങനെ പറയാറുണ്ട് ഭൂമി പിളർന്നാലും ധർമ്മത്തെ കൈവെടിയരുത്. അതുപോലെ പവിത്രതയുടെ പ്രതിജ്ഞ ചെയ്ത് അതിൽ ഉറച്ചിരിക്കണം. അതിനെ പ്രയോഗത്തിൽ കൊണ്ടു വരണം. മായ വളരെ ശക്തിശാലിയാണ്, അതിനുമേൽ വിജയിക്കണം. പൂർണ്ണമായ പുരുഷാർത്ഥം ചെയ്യണം. അല്ലാതെ സ്വർഗ്ഗത്തിൽ എന്തു പദവിയായാലും

നേടിക്കോട്ടെ. പുരുഷാർത്ഥം ഉയർന്നതാകുവാനുള്ളത് ചെയ്യണം. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യമായ സാരം -

1. ഒരിക്കലും നിയമം കൈയ്യിലെടുക്കരുത്. പരസ്പരം വളരെയധികം മധുരമായിരിക്കണം. ആർക്കും തന്നെ ദു:ഖം നൽകരുത്. ബ്രഹ്മമുഹൂർത്തത്തിൽ എഴുന്നേറ്റ് ബാബയോട് മധുര-മധുരമായി സംസാരിക്കണം.

2. സെക്കന്റിൽ നഷ്ടോമോഹാ ആയിത്തീരണം. പവിത്രമായി ജീവിക്കാനുള്ള യുക്തി കണ്ടെത്തണം. അതിനുള്ള ധൈര്യം വെക്കണം. ജ്ഞാന-യോഗബലത്തിലൂടെ കർമ്മക്കണക്കുകളെ ഇല്ലാതാക്കണം.

## വരദാനം - സേവനത്തിന്റെ ക്ഷേത്രത്തിൽ സ്വസേവനത്തിന്റെയും സർവരുടെ സേവനത്തിന്റെയും സന്തുലനം വെക്കുന്ന മായാജീത്തായി ഭവിക്കട്ടെ

സർവരുടെ സേവനത്തിന് ഒപ്പമൊപ്പം ആദ്യം സ്വസേവനം ആവശ്യമാണ്. ഈ സന്തുലനം സദാ സ്വയത്തിലും സേവനത്തിലും ഉന്നതി പ്രാപ്തമാക്കിക്കുന്നു. അതിനാൽ സേവനത്തിന്റെ ക്ഷേത്രത്തിൽ ഓടിനടന്നും രണ്ടു കാര്യങ്ങളുടെയും സന്തുലനം വെക്കൂ എങ്കിൽ മായാജീത്തായി മാറും. സന്തുലനം വെക്കുന്നതിലൂടെ അത്ഭുതം സംഭവിക്കുന്നു. ഇല്ലെങ്കിൽ സേവനത്തിൽ ബാഹിർമുഖതയുടെ കാരണത്താൽ തന്റെയോ മറ്റുള്ളവരുടെയോ ഭാവസ്വഭാവങ്ങളുടെ ബഹളത്തിലേക്കുവരുന്നു. സേവനത്തിന്റെ ഓട്ടത്തിൽ മായ ബുദ്ധിയെ ഓടിയ്ക്കുന്നു.

## സ്ലോഗൻ - തന്റെ വിശേഷതകളാകുന്ന വിത്തിനെ സർവശക്തികളുടെ ജലത്താൽ നനച്ച് അവയെ ഫലദായകമാക്കൂ